വഴിവെളിച്ചം

# ഏകാഗ്രത നമസ്കാരത്തിൽ

عَن عائشَةَ رَضي اللّه عنها قَالَت : انَّ النَّبي ﷺ صَلّى فى خَميصة لَهَا اَعْلَامٌ فَنَظَر الَى اَعْلَامها نَظْرَةً فَلَمّا انْصَرَفَ قَالَ : اذْهَبُوا بِخَميصَتي هَذِه إِلَى أَبِى جَهْم . وَ أْتُونِى بِأَنْبِجَانِيَّة أَبِي جَهَم . فَإنَّهَا اَلْهَتْنِى آنفًا عَن صَلَاتي.

**ആഇശ(റ)യിൽനിന്ന്: "ഒരിക്കൽ വരയും കുറിയുമുള്ള വസ്ത്രത്തിൽ നമസ്കരിച്ച നബി ആ വരയിലും കുറിയിലും ശ്രദ്ധിച്ചുപോയി. നമസ്കാരം പൂർത്തിയാക്കിയ ശേഷം അദ്ദേഹം കൽപിച്ചു: എന്റെ ഈ വസ്ത്രം അബൂജഹ്മിന് കൊണ്ടുപോയി കൊടുക്കുക. പകരം അദ്ദേഹത്തിന്റെ അംബിജാനിയ്യ വസ്ത്രം (വരയും കുറിയുമില്ലാത്ത കട്ടിയുള്ള ഒരുതരം വസ്ത്രം) കൊണ്ടുവരിക, കാരണം ഈ കുപ്പായം എന്റെ നമസ്കാരത്തിലെ ഏകാഗ്രതക്ക് ഭംഗം വരുത്തിയിരിക്കുന്നു" (ബുഖാരി).**

**ആരാധനകളിൽ** അതിമഹത്തായത് നമസ്കാരമാണ്. അല്ലാഹുവെ ഭയന്നുകൊണ്ടു വിനയപൂർവം നിർവഹിക്കേണ്ട പ്രാർഥനയാണത്. ഹൃദയസാന്നിധ്യമാണ് നമസ്കാരത്തിന്റെ സത്ത. ഭക്തിയില്ലാത്ത നമസ്കാരം ആത്മാവില്ലാത്ത ജഡത്തിന് തുല്യമത്രെ. ഈ നമസ്കാരത്തെയാണ് 'അശ്രദ്ധമായ നമസ്കാരം' എന്ന് ഖുർആൻ വിശേഷിപ്പിക്കുന്നത്. ദൈവസമക്ഷം സ്വീകാര്യമല്ല ഇത്. അതിനാൽ, ദൈവസ്മരണയിൽനിന്ന് ശ്രദ്ധതിരിക്കുന്ന വരകളും കുറികളുമുള്ള വിരിപ്പുകളും പായകളും നമസ്കരിക്കുമ്പോൾ അവിടെ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ഈ ഹദീസ് ഓർമിപ്പിക്കുന്നു.

അല്ലാഹുവിന്റെ തിരുസന്നിധിയിൽ, അവനുമായി സംസാരിക്കുകയാണെന്ന ബോധത്തോടെയാണ് നമസ്കരിക്കേണ്ടത്. അതിന് മനസ്സിന്റെ ഭൗതികമായ വിചാരങ്ങളും ചിന്തകളും നിയന്ത്രിക്കേണ്ടതുണ്ട്. നമസ്കാരത്തിൽ ഓതുന്ന ഖുർആൻ വാക്യങ്ങളുടെയും സ്തോത്ര കീർത്തനങ്ങളുടെയും ആശയം ഗ്രഹിക്കാൻ ശ്രമിക്കുകയാണെങ്കിൽ നമസ്കാരത്തിൽ ഒരു പരിധിവരെ മനസ്സാന്നിധ്യം നിലനിർത്താൻ സാധിക്കും. അല്ലാഹു പറയുന്നു: "നീ നമസ്കാരത്തിൽ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും (മറ്റ് ചിന്തകൾ വിട്ട്) അവങ്കലേക്ക് മാത്രമായി മടങ്ങുകയും ചെയ്യുക"(73:8).

നബി(സ) പറയുന്നു: "നീ അല്ലാഹുവിനെ കാണുന്നതു പോലെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും, നിശ്ചയം അവൻ നിന്നെ കണ്ടുകൊണ്ടിരിക്കുന്നു" (മുസ്ലിം). നമസ്കാരം ഭൗതികമായ ബാഹ്യചേഷ്ട അല്ലെന്നും ഹൃദയസാന്നിധ്യത്തോടുകൂടിയ അനുഷ്ഠാനമാണെന്നും സാരം. ഇതാണ് ഏകാഗ്രത.

ഏകാഗ്രത നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളും പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. അതിലൊന്നാണ് അലങ്കാര വസ്തുക്കൾ. ഇത് നമസ്കരിക്കുന്നവന്റെ ശ്രദ്ധയെ ആകർഷിക്കുകയും നമസ്കാരത്തെ കുഴപ്പത്തിലാക്കുകയും ചെയ്യും. വേണ്ടത്ര ഭക്തിയും ശ്രദ്ധയും കിട്ടാത്ത മറ്റു സാഹചര്യങ്ങളിലും നമസ്കരിക്കുന്നത് നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. റസൂൽ(സ) പറഞ്ഞു: "ഭക്ഷണസാന്നിധ്യത്തിൽ അത് കഴിക്കാതെ നമസ്കാരമില്ല. രണ്ട് മാലിന്യങ്ങൾ (മലവും മൂത്രവും) ബുദ്ധിമുട്ടിക്കുമ്പോഴും നമസ്കാരമില്ല" (മുസ്ലിം).

"ദീനിനെ നിലനിർത്തുന്ന തൂൺ നമസ്കാരമാണെന്നും നമസ്കാരത്തിന്റെ നെടുംതൂൺ ഭയഭക്തിയാണെന്നും" നബി(സ) പറഞ്ഞതായി ഹദീസിൽ വന്നിട്ടുണ്ട്. ഏകാഗ്രതയോടെയും ശ്രദ്ധയോടെയും കൂടിയാണ് നമസ്കരിക്കേണ്ടതെന്ന് ഊന്നിപ്പറയുന്ന വേറെയും ധാരാളം നബിവചനങ്ങളുണ്ട്.

മുൻഗാമികളായ മഹാന്മാരുടെ നമസ്കാരങ്ങൾ അത്തരത്തിലുള്ളതായിരുന്നുവെന്ന് ചരിത്രം സാക്ഷ്യംവഹിക്കുന്നു. ഒരിക്കൽ മഹാനായ ഹാതിം അസമ്മിനോട് ഒരാൾ ചോദിച്ചു: "താങ്കളുടെ നമസ്കാരത്തിൽ ഇത്രയും ഭക്തിയും ഹൃദയ സാന്നിധ്യവും കാണപ്പെടുന്നതിന്റെ രഹസ്യമെന്താണ്?" അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "ഞാൻ നമസ്കരിക്കുമ്പോൾ എന്റെ മുമ്പിൽ കഅ്ബയുണ്ടെന്നും നരകത്തിന്റെ മീതെയുള്ള പാലത്തിനു മീതെയാണ് ഞാൻ നിൽക്കുന്നതെന്നും വലതു ഭാഗത്ത് സ്വർഗവും ഇടതു ഭാഗത്ത് നരകവും പിന്നിൽ മരണത്തിന്റെ മലക്കായ അസ്റാഈലും ഉണ്ടെന്നും ഓർക്കും. അപ്പോഴാണ് എന്റെ മനസിന് ഏകാഗ്രത കൈവരുന്നത്." ഇത് ഞാനും പരീക്ഷിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് ചോദ്യകർത്താവ് പിരിഞ്ഞുപോയത്.

സ്വന്തം ജീവൻ അപകടത്തിലായപ്പോഴും വീടിന് തീപിടിച്ചപ്പോഴും തികഞ്ഞ ഏകാഗ്രതയോടെ നമസ്കാരം നിർവഹിച്ച അലിയ്യുബ്നു ഹുസൈനി(റ)ന്റെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ആ സംഭവം ഇങ്ങനെ:

ഒരിക്കൽ അദ്ദേഹം വീട്ടിനകത്ത് നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് വീടിന് തീ പിടിച്ചത്. 'തീ, തീ' എന്നുപറഞ്ഞ് ആളുകൾ ബഹളം വെച്ചു. പക്ഷേ, അതൊന്നും അദ്ദേഹം കേട്ടില്ല. അദ്ദേഹം സുജൂദിൽ തന്നെ കഴിഞ്ഞു. തീയണഞ്ഞശേഷം ജനങ്ങൾ ചോദിച്ചു: "വീടിന് തീപിടിച്ച വിവരം വിളിച്ചുപറഞ്ഞിട്ടും താങ്കളെന്തേ കേൾക്കാതിരുന്നത്?" അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: "മറ്റൊരു തീ അതിൽനിന്ന് എന്റെ ശ്രദ്ധ തിരിച്ചിരിക്കുകയായിരുന്നു."

എഴുപതിരട്ടി ചൂടുള്ള നരകത്തീയെക്കുറിച്ച ഓർമയിൽ നിലീനമായിരുന്നു അദ്ദേഹത്തിന്റെ അകത്തളം. ആ അകത്തളത്തെ അലോസരപ്പെടുത്താൻ ദുനിയാവിലെ അഗ്നിക്ക് കഴിയുമായിരുന്നില്ല. ഇതാണ് ഏകാഗ്രമായ നമസ്കാരം.

സ്രഷ്ടാവുമായുള്ള അഭിമുഖ സംഭാഷണത്തിൽ മുഖംകുത്തിക്കിടക്കുന്നവൻ ഭൗതിക ലോകവുമായുള്ള സർവബന്ധങ്ങളിൽനിന്നും മോചിതനായിരിക്കും. ഇത്തരം അനുഷ്ഠാനങ്ങൾക്ക് മാത്രമാണ് ലോകത്ത് ചലനം സൃഷ്ടിക്കാൻ കഴിയുക. ആ ചലനമാണ് ചരിത്രത്തിൽ തുല്യതയില്ലാത്തവിധം നമസ്കാരത്തിലൂടെ നബി(സ)യും സ്വഹാബത്തും ലോകത്തിന് കാഴ്ചവെച്ചത്. ■

**അബ്ദുൽ ജബ്ബാർ കൂരാരി**